## 6.
## ശംസിയ്യും ഖമരിയ്യുമായ ലാം

നാമങ്ങളുടെ ആദ്യത്തിലുള്ള അലിഫ്-ലാമിനു ശേഷം വരുന്ന ലാമുകളെ പരിഗണിച്ച് ശംസിയ്യായ ലാം, ഖമരിയ്യായ ലാം എന്നിങ്ങനെ തരംതിരിക്കാം. അവയെ ലളിതമായി പരിചയപ്പെടാം.

1. ഒരു വാക്കിൻെറ ആദ്യത്തിൽ ചേർന്നുവരുന്ന അലിഫ്-ലാം എന്ന പ്രത്യയം വെളിവാക്കാതെ പറയുന്നതാണ് ശംസിയ്യായ ലാം. ഉദാഹരണം- النُّورْ . ഈ വാക്കിൽ ലാം ഉച്ചരിക്കപ്പെടുന്നില്ല. അന്നൂർ എന്നാണ് അതിൻെറ ഉച്ചാരണം. അതേയവസരം അവ സുകൂൻ ഇല്ലാതെയാണ് എഴുതുക. ഉദാ- الشَّمْس അസ്സംസ്. അവയെ ലാം ഉച്ചരിക്കാതെ തന്നെ ഓതുകയും വേണം.
ശംസിയ്യായ അക്ഷരങ്ങൾ ഇവയാകുന്നു:

ط ، ث ، ص ، ر ، ت ، ض ، ذ ، د ، ص ، ظ ، ز ، ش ، ل

2. ലാമിനെ വെളിവാക്കി ഉച്ചരിക്കുക. ഈ രീതിയെ ഖമരിയ്യായ ലാം എന്നു പറയുന്നു. ഉദാഹരണം- الْعِلْم . ഈ ഉദാഹരണത്തിൽ ലാമിനെ വെളിവാക്കി അൽ ഇൽമ് എന്നാണ് ഉച്ചരിക്കുക.
ഖമരിയ്യായ അക്ഷരങ്ങൾ ഇവയാകുന്നു:

ء ،ب ،غ ،ح ، ج ، ك ، و ، خ ، ف ، ع ، ق ، ي ، م ، هـ

ഇങ്ങനെ ശംസിയ്യും ഖമരിയ്യുമായ ലാമുകൾ 14 വീതമാകുന്നു. ഖുർആൻ പാരാണവേളയിൽ തന്നെ അവ വ്യക്തമായി കാണാവുന്നതാണ്. അഥവാ ഖമരിയ്യായ ലാം സുകൂനോടു കൂടിയായിരിക്കും ഖുർആനിൽ എഴുതിയിട്ടുണ്ടാവുക. ഉദാ- أَلْأَمْرْ അൽഅംറ് പോലെ. അതിനെ ലാമിൻെറ ഉച്ചാരണത്തോടു കൂടി പാരായണം ചെയ്യുകയും വേണം.

**ശ്രദ്ധിക്കാനുള്ളത്:** ഖമരിയ്യായ ലാമിനെ പാരായണവേളയിൽ വെളിവാക്കി ഉച്ചരിക്കണം. ശംസിയ്യായ ലാമിനെ വെളിവാക്കാതെ പാരായണം ചെയ്യണം.